ഇറയം റിസർച്ച് ജേർണൽ

Volume VI Issue 3

September-December 2022

# ഗോത്രോൽസവത്തിൽനിന്ന് കാർണിവലിലേക്കുള്ള പാട്ടുൽസവത്തിന്റെ പരിണാമം : ഒരു ഫോക്‌ലോർ പഠനം

**ജീന ടി.**

**സംഗ്രഹം**

ഒരു ഗോത്ര വിഭാഗത്തിന്റെ ദേവതാ സങ്കൽപ്പം നാട്ടുവാഴിത്ത വ്യവസ്ഥിതിയിൽ എപ്രകാരം അധിനിവേശത്തിന് വിധേയമായതെന്നതിനുള്ള പ്രത്യക്ഷോദാഹരണമാണ് ആദിവാസികളുടേതായിരുന്ന ഒരു ദേവതാരാധന പിന്നീട് നിലമ്പൂർ കോവിലകവുമായി ബന്ധപ്പെട്ട പാട്ടടിയന്തിരമായി മാറിയത്. മുഖ്യസ്ഥാനത്തുണ്ടായിരുന്നവർ അരികുവൽക്കരിക്കപ്പെട്ട ചരിത്രം കൂടെ നിലമ്പൂർ പാട്ടുത്സവത്തിൽ നിന്ന് നമുക്ക് വായിച്ചെടുക്കാനാവും. ക്ഷേത്രോത്സവം പിന്നീട് ദേശോത്സവമായി പരിണമിച്ച് വ്യാപോരോത്സവമായി മാറി. ഒരു വിഭാഗത്തിന്റെ ഫോക്‌ലോറിനുണ്ടായ ക്രമികമായ മാറ്റം ഫോക്‌ലോറിസം എന്ന സങ്കല്പനവുമായി ബന്ധപ്പെടുത്തി പഠിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

**താക്കോൽ വാക്കുകൾ:** ഫോക്‌ലോർ, ഫോക്‌ലോറിസം, പാട്ടുൽസവം, സാംസ്കാരികാധിനിവേശം, കാർണിവൽ.

## ആമുഖം

ആദിവാസി ജനതയ്ക്ക് പൊതു ഉത്സവങ്ങളിൽ ശ്രദ്ധേയമായ സ്ഥാനമുള്ള വടക്കൻ കേരളത്തിലെ സവിശേഷമായ ഉത്സവമാണ് നിലമ്പൂർ പാട്ടടിയന്തിരം. ചാലിയാറിന്റെ തീരത്തുള്ള നിലമ്പൂർ ചെട്ടിയാരങ്ങാടിയിലെ വേട്ടക്കൊരുമകൻ ക്ഷേത്രത്തിലാണ്

ഗോത്രജനത തങ്ങളുടെ ദൈവത്തെ കാണാനെത്തുന്നത്. പേരു സൂചിപ്പിക്കുന്നതുപോലെത്തന്നെ കച്ചവടപ്രാധാന്യമുള്ള സ്ഥലമായിരുന്നു അത്. പാട്ട് ഉത്സവം എന്നും ഈ ആഘോഷം അറിയപ്പെടാറുണ്ട്.

നിലമ്പൂർ കോവിലകത്തിന്റെ സ്വകാര്യ സ്വത്തായ ഈ ക്ഷേത്രത്തിൽ പൊതുജനങ്ങൾക്കും ദർശന ദർശന സൗകര്യമുണ്ട്. നിലമ്പൂർ കോവിലകത്തിന്റെ വീട്ടുവളപ്പുകളുടെ മധ്യഭാഗത്തായാണിത്. ക്ഷേത്രത്തിനെ അഭിമുഖീകരിച്ച് എതിർവശത്ത് കരുവാന്റെയും കരുവത്തിയുടെയും കാവുണ്ട്. കാട്ടാളരൂപം സ്വീകരിച്ച പാർവ്വതിയും ശിവനും തന്നെയാണിത്. നിലമ്പൂർ കോവിലകത്തെ കുടുംബാംഗങ്ങളിൽ ഏറ്റവും മുതിർന്ന വ്യക്തി മരിച്ചാൽ കാവിന്റെ ഇടതുവശമാണ് ദഹിപ്പിക്കാറ്. എൻ . കെ. സി.പി.സി എന്ന ട്രസ്റ്റിനാണ് ഈ കാവിന്റെയും ക്ഷേത്രത്തിന്റെയും ചുമതല കോവിലകത്തിലെ അംഗങ്ങൾ മാത്രമുള്ള ട്രസ്റ്റാണിത്.

എല്ലാ വർഷവും ധനു ഇരുപതിന് കൊടിയേറി ധനു ഇരുപത്തഞ്ചു വരെ ആറുനാൾ നീണ്ടു നിൽക്കുന്ന ഈ ആഘോഷം നിലമ്പൂർ പാട്ട് അടിയന്തിരം എന്നറിയപ്പെടുന്നു.ഉത്സവത്തിന്റെ ആദ്യ മൂന്നു ദിവസം ചെറിയ കളംപാട്ടാണ് .വലിയ കളം പാട്ടിന്റെ അന്നാണ് സർവ്വാണി സദ്യ. ധനു ഇരുപത്തി നാലിന് പലും വെള്ളരി, പന്തീരായിരമേറ് എന്നിവ അരങ്ങേറും. ആറാം ദിവസമായ ധനു ഇരുപത്തിയഞ്ചിന് അയ്യപ്പൻ പാട്ട് നടത്തിയതിന് ശേഷം കൂറ വലിക്കുന്നതോടെ പാട്ടുത്സവം സമാപിക്കുന്നു. കാവുകളിൽ നടക്കുന്ന ആഘോഷമായത് കൊണ്ടാണ് അടിയന്തിരം എന്ന ഇത് അറിയപ്പെടുന്നത് എന്നാണ് നിലമ്പൂർ കോവിലകം പ്രതിനിധിയായ രാജേന്ദ്രവർമ്മ പറയുന്നത്. "കാവിൽ ഉത്സവമല്ല അടിയന്തിരമാണ് ഉണ്ടാവുക ഇതിന് പ്രധാന കാരണം ക്ഷേത്രങ്ങളിൽ സ്ഥിരമായ കൊടിമരങ്ങൾ സ്ഥാപിച്ചിട്ടുണ്ടാവും പക്ഷേ കാവുകളിൽ കൊടിക്കൂറകളായിരിക്കും ഇവ അതാത് സമയങ്ങളിൽ ഉയർത്തുന്നു. "

## ഉൽസവവും ആദിവാസി സമൂഹവും

പാട്ടുൽസവവും ആദിവാസികളും തമ്മിൽ അഭേദ്യ ബന്ധമുണ്ട്. ഉത്സവം കൊടിയേറുന്നത് മുതൽ നിലമ്പൂരിന്റെ പരിസരപ്രദേശങ്ങളിലെ ആദിവാസി ജനത ക്ഷേത്രത്തിന് പുറത്ത് പന്തല് കെട്ടി ആറ് ദിവസം താമസമുറപ്പിക്കുന്നു. ഉത്സവത്തിന്റെ പ്രധാന അതിഥികൾ ഇവർ തന്നെ . പണിയർ, മുതുവർ മുതലായ പലതരം ഗോത്ര വിഭാഗങ്ങൾ ഇവിടേക്കെത്തുന്നു. അധഃസ്ഥിത വിഭാഗത്തെ കേന്ദ്രമാക്കിയുള്ള അവരുടെ ആഹ്ലാദത്തെ ആധാരമാക്കിയുള്ള സവിശേഷതയാർന്നതും മൗലികമായ ഒരു പാട്ടടിയന്തിരമാണിത് . ഒരു കാലത്ത് ആദിവാസികളുടെ മാത്രം ദൈവമായിരുന്ന ഇതെന്നും പിന്നീട് രാജാവ് ഈ ദൈവത്തെ ഏറ്റെടുക്കുകയാണുണ്ടായതെന്നും അതിന്റെ ഭാഗമായി ആദിവാസികളിൽ ചില അവകാശങ്ങൾ നിലനിർത്തുകയുമാണുണ്ടായത് എന്നമാണ് കഥ. ആദിവാസി ദേവതാസങ്കല്പങ്ങളിൽപോലും അധിനിവേശം നടക്കുന്നതെങ്ങനെ യാണെന്നതിന്റെ ഉദാഹരണമാണ് ഈ ദേവതാകൈമാറ്റം.

## ഐതിഹ്യം

കേരളത്തിലെ മറ്റു വേട്ടയ്ക്കൊരു മകൻ ക്ഷേത്രങ്ങളുടെ സമാന സ്വഭാവം ഉള്ള ഐതിഹ്യം തന്നെയാണ് നിലമ്പൂർ കോവിലകവുമായി ബന്ധപ്പെട്ട് കിടക്കുന്ന ക്ഷേത്രത്തിന്റേതും. കേരളത്തിൽ മാത്രം കണ്ടുവരുന്ന, കേരളത്തിലുടനീളം ആരാധിക്കപ്പെടുന്ന ഒരു നാടോടി ദേവതാസങ്കല്പമാണ് വേട്ടക്കൊരുമകൻ. വേട്ടയ്ക്ക് + അര (അരന്റെ= ശിവൻ)മകൻ വേട്ടയ്ക്കുരുമകനും വേട്ടയ്ക്കൊരുമകനുമായി എന്നാണ് ശബ്ദോത്പത്തി.

"വേട്ടക്കൊരുമകൻ പ്രാഥമികമായി കേരളത്തിലെ തനതായ നാടോടി ദേവതയാണ്, പിന്നീട് ശിവന്റെയും പാർവതിയുടെയും മകനായി ഹിന്ദു

ദേവാലയത്തിലേക്ക് ലയിച്ചു. കളമെഴുത്ത് (ധൂളിചിത്രം), തെയ്യം മുതലായ അനുഷ്ഠാനങ്ങളിൽ പാടുന്ന സ്തുതി ഗീതങ്ങളിൽ അദ്ദേഹത്തെ എതിരാളികളില്ലാത്ത, ഉഗ്രനായ പോരാളിയായും ഷാരയും ധനുഷും ഉപയോഗിക്കുന്നതിൽ അസാധാരണ വിദഗ്ധനുമായി വാഴ്ത്തുന്നു. കേരളത്തിൽ, പ്രത്യേകിച്ച് വടക്കൻ ഭാഗങ്ങളിൽ, ഈ ദേവനെ ഏറ്റവും തീവ്രമായി ആരാധിക്കുന്ന ചില ക്ഷേത്രങ്ങളുണ്ട്. മരത്തിലും കല്ലിലുമാണെങ്കിലും വേട്ടക്കൊരുമകന്റെ ശിൽപങ്ങൾ വളരെ വിരളമാണ്. ശിൽപങ്ങളേക്കാൾ ക്ഷേത്ര ചുവർച്ചിത്രങ്ങളിലും ധൂളി ചിത്രങ്ങളിലുമാണ് അദ്ദേഹത്തെ കൂടുതൽ ചിത്രീകരിച്ചിരിക്കുന്നത്." (S., Kumbodharan, and Preeta Nayar.)

ഗൂഡല്ലൂരിനടുത്ത് മൈസൂർ വഴിയിൽ` സ്ഥിതിചെയ്യുന്ന നമ്പാല കോട്ടയിൽ നിന്ന് ആവഹിച്ചു കൊണ്ടുവന്നതാണ് വേട്ടയ്ക്കൊരു മകൻ എന്നാണ് വിശ്വാസം. ആദിവാസി ജനതയുടെ നാഥനും അധിപനും ആയിരുന്ന വേട്ടയ്ക്കൊരമകനിന്‍റെ ഭക്തനായ നിലമ്പൂർ കോവിലകത്തെ തിരുമുൽപ്പാട് അവിടത്തെ നിത്യസന്ദർശകനായിരുന്നു. വാർദ്ധക്യത്തിലെത്തിയതോടെ നമ്പാല കോട്ട വരെ വരാൻ പ്രയാസമായതിനാൽ തന്റെ കൂടാൻ വരാൻ തയ്യാറാവണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. വേട്ടയ്ക്കൊരു മകൻ ഇത് സമ്മതിച്ചു. ഞാൻ വന്ന് കുടിയിരിക്കാം. പക്ഷെ എന്നാണോ എന്റെ ആശ്രിതരായ ഗിരിവർഗ്ഗങ്ങളുടെ അന്നം മുടങ്ങുന്നത്. അന്ന് ഞാൻ അവിടം ഒഴിയുമെന്നും വർഷത്തിലൊരിക്കൽ തന്റെ ജനതയ്ക്ക് തന്നെ കാണാൻ അവസരം നൽകണമെന്നും ആഹ്ലാദവും സന്തോഷവും പ്രദാനം ചെയ്യണമെന്ന് നിബന്ധനയ്ക്ക് പുറത്ത് നിലമ്പൂർ കോവിലകത്തെ കാവിൽ കരുവാനും കരുവത്തിക്കുമൊപ്പം കുടിയിരുത്തി. ഇതേ തുടർന്ന് എല്ലാവർഷവും ധനു ഇരുപത് മുതൽ ആറ് ദിവസം നീണ്ടുനിൽക്കുന്ന പാട്ട് അടിയന്തര സമയത്ത് ആദിവാസി ജനത തങ്ങളുടെ ദൈവത്തെ കാണാൻ വരുന്നു. ഊട്ടിയിലെ തോടർ,പണിയർ, മുതുവാൻമാർ മുതലായ ഗോത്രവിഭാഗക്കാർ മുൻകാലങ്ങളിൽ വന്നിരുന്നു. സമീപ വർഷങ്ങളിൽ വരുന്ന ആദിവാസി ജനതയുടെ എണ്ണത്തിൽ വലിയ കുറവ് സംഭവിച്ചിട്ടുണ്ട്. പണിയ വിഭാഗത്തിൽ നിന്നുള്ളവരാണ്

ഇന്ന് പ്രധാനികൾ. പാട്ട് അടിയന്തരത്തിനായി വരുന്ന ആദിവാസി ജനതയ്ക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ ക്ഷേത്രത്തിന്റെ വഴിയോരത്ത് പാട്ടങ്ങാടി രൂപപ്പെടുകയുണ്ടായി ആദിവാസികൾക്ക് തങ്ങളുടെ പക്കൽ ഉള്ള ഉൽപ്പന്നങ്ങൾ കൈമാറ്റം ചെയ്തു മറ്റ് അവശ്യവസ്തുക്കൾ വാങ്ങാനുള്ള അവസരവും അവിടെയുണ്ടായി കാലക്രമേണ ഈ 'പാട്ടങ്ങാടി' പഞ്ചായത്തിന്റെ നേതൃത്വത്തിൽ മറ്റൊരു കാർണിവലായി രൂപാന്തരപ്പെട്ടു.

## ഉത്സവ ചടങ്ങുകൾ

നിലമ്പൂർ കോവിലകത്തെ അംഗങ്ങൾ മാത്രമുള്ള ട്രസ്റ്റിൻെ കീഴിലാണ് ഇന്ന് ക്ഷേത്രവും കാവും. പാട്ട് അടിയന്തരവുമായി ബന്ധപ്പെട്ട ധാരാളം ചടങ്ങുകൾ ഉണ്ടെങ്കിലും പണ്ട് നിലനിന്നിരുന്ന പല ചടങ്ങുകളും ഇപ്പോൾ ചടങ്ങുമാത്രമായി അവശേഷിക്കുന്നു. മുള കൊണ്ടുള്ള കൊടിക്കൂറ സ്ഥാപിക്കുന്നതോടെ അടിയന്തരം ആരംഭിക്കുകയായി. ഇതിനോട് ചേർന്ന് മുളകൊണ്ട് തന്നെയുള്ള അന്നക്കൊടിയും സ്ഥാപിക്കുന്നു. ഭക്ഷണത്തിന്റെ ലഭ്യത സൂചിപ്പിക്കുന്നതാണ് ഇത്. ആദിവാസി ജനത വെട്ടി കൊണ്ടുവരുന്ന മുളയാണ് ഇതിനായി ഉപയോഗിക്കുന്നത് .കളം പാട്ട് തന്നെയാണ് പ്രധാന ചടങ്ങ്. കുറുപ്പന്മാരാണ് കളംപാട്ട് നടത്തുക.

"പാട്ടിന്റെ സമയത്ത് വേട്ടക്കൊരു മകനെ ചുരികയിൽ ആവാഹിക്കുന്നു. തുടർന്ന് തിടമ്പായി അച്ഛന്റെയും അമ്മയുടെയും അടുത്ത് അനുവാദം ചോദിക്കാനായി പോകുന്നു. ഇത് മുല്ലക്കൻ പാട്ട് എന്നറിയപ്പെടുന്നു. അനുവാദം ലഭിച്ച ശേഷം ചെണ്ടയും മറ്റ് വാദ്യങ്ങളും വെഞ്ചാമരത്തിന്റെയും അകമ്പടിയോടെ ആനപ്പുറത്ത് എഴുന്നള്ളത്ത് നടത്തുന്നു. തുടർന്ന് ആഘോഷപൂർവ്വം മൂന്ന് പ്രദക്ഷിണം നടത്തുന്നു. ഒന്നാമതായി കാരപ്പണിക്കരുടെ നേതൃത്വത്തിലുള്ള നൃത്ത പ്രദക്ഷിണം രണ്ടാമതായി ഇടയ്ക്ക കൊട്ടിക്കൊണ്ടുള്ള പാട്ട് തുടർന്ന് വാദ്യോപകരണങ്ങൾ ഉപയോഗിച്ച് കൊണ്ടുള്ള

കുഴൽപ്പറ്റ . പിന്നീടങ്ങോട്ട് കളം പാട്ട്, കളം പൂജ,കളം പ്രദക്ഷിണം." (രാജേന്ദ്ര വർമ്മ)

വലിയ കളം പാട്ടിന്റെയന്നാണ് സർവാണി സദ്യ ഒരുക്കുന്നത്. എപ്പോൾ മൂപ്പൻ "മതി മതിയോ..." എന്നു പറയുന്നു അതുവരെ സദ്യ വിളമ്പണം എന്നാണ് കണക്ക്. ഗോത്ര ജനത ഈ സദ്യ തോർത്തിൽ പൊതിഞ്ഞെടുത്ത് ക്ഷേത്രത്തിനോട് ചേർന്ന പുഴയിൽ കഴുകി ഉണക്കിപ്പൊടിച്ച് സൂക്ഷിക്കുന്നു ഏത് അസുഖത്തെയും ശമിപ്പിക്കുന്ന ഒറ്റമൂലിയായി അവർ ഈ പൊടിയെ കണക്കാക്കുന്നു. അടുത്ത പാട്ട് അടിയന്തരം വരെ ഇത് സൂക്ഷിക്കും.

ഇന്ന് സർവാണി സദ്യയെ പ്രസാദമായി കണ്ട് സമൂഹത്തിലെ നാനാവിഭാഗത്തിൽ നിന്നും ആളുകൾ സദ്യ കഴിക്കാൻ വരുന്നു. വസൂരി മുതലായ മഹാമാരിയുടെ കാലത്ത് കൂട്ടിച്ചേർക്കപ്പെട്ട മറ്റൊരു ആചാരമാണ് പാലും വെള്ളരിയും എന്ന് ഊഹിക്കാം. മഹാമാരികളിൽ നിന്ന് നിലമ്പൂർ ദേശത്തെ ജനതയെ സംരക്ഷിക്കാനായി ആരംഭിച്ച വഴിപാടാണിത്.

ഇവിടുത്തെ സവിശേഷമായ മറ്റൊരു ചടങ്ങാണ് പന്തീരായിരം തേങ്ങയേറ്. മറ്റ് വേട്ടെക്കരൻ കാവുകളിലും കണ്ടുവരുന്ന ആചാരം തന്നെയാണിത്. പതിനായിരം തേങ്ങ കൂട്ടി വെച്ചതിൽ നിന്ന് പ്രത്യേകം നോമ്പും പൂജകൾക്കുശേഷം ഓരോന്നായി ഇരു കൈകളും ഉപയോഗിച്ച് എറിഞ്ഞുടക്കുന്നു. വാദ്യക്കാരുടെ അകമ്പടിയോടെ ആയിരിക്കും ഈ ചടങ്ങ് നടക്കുക.

കരുവാൻ കാവിൽ നിന്ന് ആനയുടെ അകമ്പടിയോടെ രാത്രി തിടമ്പ് എഴുന്നള്ളത്ത് നടത്തുന്നു.മൂന്ന് തവണ പ്രദക്ഷിണത്തിനുശേഷം തിടമ്പ് അകത്തെ മണിപ്പന്തലിൽ കളത്തിന്റെ ശിരോഭാഗത്തിറക്കി വയ്ക്കും . ചെമ്പട, ത്രിപുട, ലക്ഷ്മി, ചെമ്പ എന്നീ താളങ്ങളിൽ വെളിച്ചപ്പാട് നൃത്തപ്രദക്ഷിണം നടത്തും. കളംപൂജയാണ് അടുത്ത ചടങ്ങ്.

ഇതിനു ശേഷം കുറുപ്പന്മാർ കളസ്തുതികൾ പാടി തിരിയുഴിച്ചിൽ നടത്തും പിന്നീട് കോമരത്തിന്റെ കളത്തിൽ ആട്ടവും കളംമായ്ക്കലും നടക്കും ഇത് എല്ലാ ദിവസവും ഉണ്ടായിരിക്കും

" കളം മായ്ക്കുമ്പോൾ ആദ്യം കഴുത്തു മുതൽ കാൽ വരെ ചവിട്ടി ചവിട്ടി മായ്ക്കുന്നു. ളുക്കിയിട്ടിരിക്കുന്ന കുരുത്തോലകൾ വെട്ടിവീഴ്ത്തുന്നു. വേട്ട ചെയ്യുന്നതിന്റെ പ്രതീകമാണിത്. മുഖംമാത്രം പീഠത്തിലിരുന്നു കൊണ്ട് പാട്ട് പാടി ആടിയാടി കൈ കൊണ്ട് മായ്ച്ച് പ്രസാദമായി എല്ലാവർക്കും നൽകുന്നു.” (രാജേന്ദ്ര വർമ്മ)

അഞ്ചു ദിവസങ്ങളിലും വേട്ടയ്ക്കൊരു മകന്റെ കളവും അവസാന ദിവസം അയ്യപ്പന്റെ കളവും വരയ്ക്കും. പഞ്ചഭൂത പ്രതീകങ്ങളായ അരിപ്പൊടി, മഞ്ഞൾപ്പൊടി, ഉമിക്കരി, ഇലകൾ എന്നിവ ഉണക്കിപ്പൊടിച്ച അഞ്ച് വർണ്ണങ്ങൾ കൊണ്ടാണ് കളം വരയ്ക്കുക.

## വ്യത്യസ്ത ജാതി വിഭാഗത്തിന്റെ പങ്കാളിത്തം

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനം തൊട്ട് വിപുലീകരിക്കപ്പെട്ട ഉത്സവത്തിന് എല്ലാ വിഭാഗം ജനങ്ങളും ആദിവാസികളും പങ്കാളികളായിരുന്നു. ഓരോ ചടങ്ങിലും ഓരോ വിഭാഗമാണ് അനുഷ്ഠാന കർമ്മങ്ങൾക്ക് നേതൃത്വം നൽകുക. ഒരു ഗോത്രോല്സവം പിന്നീട് ഒരു ജനപദത്തിന്റെ തന്നെ സാമൂഹിക ഉൽസവമായി വികസിക്കുന്നതെങ്ങനെ എന്നതിന്റെ ഉദാഹരണമാണ് പാട്ടുൽസവം.

## ആദിവാസികൾ

പാട്ട് ഉത്സവം കൊടികേരണമെങ്കിൽ മുള വേണം അതിനായി വനത്തിൽ നിന്ന് ഏറ്റവും ഉത്തമമായ നൂറ്റിയൊന്ന് കമ്പുള്ള മുളയാണ് ഉപയോഗിക്കുക .ഈ മുള

കൊണ്ടുവരാനുള്ള പരമ്പരാഗത അവകാശം ആദിവാസികൾക്കാണ്. ഉത്സവത്തിന് മൂന്ന് ദിവസം മുൻപ് തന്നെ വനത്തിൽ നിന്നും ഏറ്റവും ഉത്തമമായ 101 കമ്പുള്ള മുളയാണ് മുറിച്ചു കൊണ്ടുവരിക.മുള നിലം തൊടാതിരിക്കാൻ കവണകളുള്ള എരും കോലുപോലുള്ള കമ്പിലാണ് താങ്ങി നിർത്തുക."വേട്ടക്കരനുള്ള കൊടിമുള വായുവിലൂടെ കാൽക്കലെത്തും" എന്നൊരു ചൊല്ലുതന്നെ ഇതുമായി ബന്ധപ്പെട്ട് നാട്ടുകാർക്കിടയിലുണ്ട് . തുടർന്ന് ക്ഷേത്രത്തിന് പുറത്ത് ആറ് ദിവസം കുടിൽ കെട്ടി താമസിക്കുന്നു.

**ആശാരി**

ആദിവാസികൾ കൊണ്ടുവന്ന മുള ദേശത്തെ ആശാരി പ്രത്യേകം നോമ്പ് ആചരിച്ച് കമ്പുകൾ വെട്ടി കണക്കനുസരിച്ച് മുറിച്ചു പാകപ്പെടുത്തുന്നു.

**പാണൻ**

ദേശത്തെ പാണൻ കർക്കിടകമാസത്തിൽ ആദ്യം വേട്ടയ്ക്കൊരു മകന്റെ മുമ്പിൽ ശിവോതിപ്പാട്ട് പാടി ഉണർത്തലുണ്ട്. അവർക്ക് നിൽക്കുവാനുള്ള സ്ഥലം പടിഞ്ഞാറെ കുളത്തിന് സമീപമാണ് . ഈ സമയത്ത് കിരാതമൂർത്തി അങ്ങോട്ട് തിരിഞ്ഞ് ദർശനമേകി സംവദിക്കുമെന്നാണ് വിശ്വാസം. ഉത്സവത്തിന് എഴുന്നള്ളിക്കുന്ന നടത്തുകുട പൂക്കളും കുരുത്തോലയും വെറ്റില അടക്ക അരയാലില എന്നീ മംഗളവസ്തുക്കൾ കൊണ്ട് അലങ്കരിച്ച് ക്ഷേത്രത്തിലേക്ക് നൽകുന്നതും ഇവരാണ്.

ചുറ്റുമതിൽ മണ്ണ് പൊതിയാൻ കുംഭാരന്മാരെത്തുമ്പോൾ ചാണകം തളിക്കുന്നത് ആദിവാസികളാണ്. വെളുത്തേടന്മാർ വിളക്ക് തിരിയെത്തിക്കും. നടത്തുകുട ഏറനാട്ടിലെ പാണന്മാരാണ് എത്തിക്കുക.

"പണ്ട്നിറയെ ആദിവാസികൾ മലയിറങ്ങി വന്ന് ആറ് ടെന്റടിച്ച്

താമസിക്കാറുണ്ടായിരുന്നു. ചോലനായ്ക്കരൊക്കെ വറാറുണ്ടെന്ന് കേട്ടിട്ടുണ്ട്. ഇന്നിപ്പൊ ഇവിടുത്തുള്ള കോളനിയിലെ ആളുകൾ മാത്രമാണ് വന്നിട്ടുള്ളത്. ചില വിഭാഗത്തിൽ നിന്ന് സർവ്വാണി സദ്യക്ക് മാത്രമായി വന്നു പോവുന്നു." (രമേഷ് )

ആദിവാസികളുടെ മാത്രമായിരുന്ന ഒരു ഉൽസവം ക്രമേണ പൊതുസമൂഹത്തിന്റെ പൊതു ഉൽസവമായി മാറുന്നതോടെ ആദിവാസികൾ അതിൽനിന്ന് എങ്ങനെ പ്രാന്തവത്കരിക്കപ്പെടുന്നു എന്നതിന്റെ ഉദാഹരണമാണിത്. ഈ ഉൽസവത്തെക്കുറിച്ചോ അതിന്റെ ചടങ്ങുകളെക്കുറിച്ചോ തങ്ങളുടെ ഉൽസവവുമായി ബന്ധപ്പെട്ട പാരമ്പര്യത്തെക്കുറിച്ചോ കാര്യമായ അറിവ് ഇന്ന് അവർക്കില്ല. "ഞങ്ങളിവിടെ പണിക്ക് വന്നതാണ്. പാത്രം കഴുകാ, ഇവിടൊക്കെ അടിച്ചുവാരുക, ഇതെല്ലാം ചെയ്യും" എന്നാണ് ഉൽസവത്തിനായി കുടിൽകെട്ടി താമസിക്കുന്ന കോളണിയിൽനിന്നുള്ള പണിയ സമുദായ അംഗമായ ചെറുപ്പക്കാരൻ പറഞ്ഞത്. ഉൽസവത്തിൽ പ്രാമാണികസ്ഥാനം പോയി ഇപ്പോൾ ഏറ്റവും അവഗണിക്കപ്പെടുന്ന സാന്നിധ്യമായി അവർ മാറിക്കഴിഞ്ഞു.

പല ജാതിവിഭാഗവുമായി ബന്ധപ്പെട്ട ആചാരങ്ങൾ ഉണ്ടായിരുന്നെങ്കിലും പലതും ഇന് ചടങ്ങുകൾ മാത്രമായി ഒതുങ്ങിയിട്ടുണ്ട്.

## കാർണിവലായുള്ള പരിണാമം

ഒരു ചെറു വിഭാഗത്തിന്റെ വിശ്വാസപരമായ ഒരു ഉൽസവം എങ്ങനെ ഒരു ജനതയുടെ ആഘോഷമായി മാറുന്നത് എന്നതിനുദാഹരണം കൂടിയാണ് പാട്ടുൽസവം. ക്ഷേത്രത്തിനുപുറത്ത് ഒരു വലിയ വ്യാപാരോൽസവവും സാംസ്കാരിക കലോല്സവവുമായി അത് വികസിച്ചുകഴിഞ്ഞു. മറ്റ് സാമൂഹ്യഘടകങ്ങളാണ് ഈ മാറ്റത്തിനു കാരണമായത്

നിലമ്പൂർ വേട്ടയ്ക്കൊരു മകൻ പാട്ട് അടിയന്തരവുമായി ചെട്ടിയാരങ്ങാടിയിൽ രൂപപ്പെട്ട പാട്ടങ്ങാടിയിൽ കാലക്രമേണ വലിയ ജനപങ്കാളിത്തം ഉണ്ടായി. പഞ്ചായത്തിന്റെ നേതൃത്വത്തിൽ പാട്ടങ്ങാടിയുടെ ചുമതല ഏറ്റെടുക്കുകയും ചെയ്തു. തുടർന്ന് 2009 ജനുവരിയിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പാട്ടു കമ്മിറ്റി രൂപീകരിക്കുകയും വലിയ ജനപങ്കാളിത്തത്തോടെ നിലമ്പൂർ കാർണിവൽ സംഘടിപ്പിക്കുകയും ചെയ്തു. തുടർന്ന് നിലമ്പൂർ പഞ്ചായത്ത് നഗരസഭയായി മാറുകയും നിലവിലുണ്ടായിരുന്ന രാഷ്ട്രീയ സാഹചര്യം മാറുകയും ചെയ്ത അവസരത്തിൽ അതുവരെയുണ്ടായിരുന്ന പാട്ടു കമ്മിറ്റി അതുപോലെതന്നെ തുടരുകയും അവർ തുടർന്നും നിലമ്പൂർ പാട്ടുത്സവം എന്ന കാർണിവൽ നടത്തികയും അതേ സമയം തന്നെ സമാന്തരമായി നഗരസഭയുടെ നേതൃത്വത്തിൽ മറ്റൊരു നിലമ്പൂർ പാട്ടുത്സവം സംഘടിപ്പിക്കപ്പെടുന്നു. ഒരുമാസം നീണ്ടുനിൽക്കുന്ന ഈ ആഘോഷ പരിപാടികൾ ഇന്ന് വാണിജ്യപരമായും സാംസ്കാരികമായും ഏറെ പ്രധാനപ്പെട്ട ഒരു ആഘോഷ പരിപാടിയായി മാറപ്പെട്ടു.

“ആദ്യകാലത്ത് നിലമ്പൂർ കോവിലകത്തിന്റെ അധീനതയിൽഉള്ള വേട്ടക്കൊരുമകൻ കാവിൽ നടക്കുന്ന ഉത്സവവുമായി ബന്ധപ്പെട്ട് നടക്കുന്ന കച്ചവടങ്ങൾ ചിന്തിക്കടകൾ വളക്കച്ചവടം മുതലായവ ചെട്ടിയങ്ങാടി,നിലമ്പൂർ പട്ടണം വരെ നീണ്ടു നിൽക്കുന്ന കൈമാറ്റ സ്വഭാവമുള്ള ആദിവാസി ഉൽപ്പന്നങ്ങളുടെ വരെ വിപണനമുള്ള ഉത്സവമായിരുന്നു.ഇപ്പോൾ കാണുന്ന കാർണിവൽ സ്വഭാവമുള്ള ആഘോഷം തുടങ്ങുന്നത് രണ്ടായിരത്തി ഒൻപതിലാണ്. ആര്യാടൻഷൗക്കത്ത് പഞ്ചായത്ത് പ്രസിഡന്റായിരിക്കുന്ന സമയത്ത് തദ്ദേശസ്ഥാപനങ്ങൾ വഴി ജനങ്ങൾക്ക് വിനോദം നൽകുക എന്ന തീരുമാനത്തിന്റെ ഭാഗമായാണ് പാട്ടുത്സവവുമായി ബന്ധപ്പെട്ട് ഈ കാർണിവൽ തുടങ്ങുന്നത്. അതുമായി ബന്ധപ്പെട്ട് നാടകോത്സവം ചലച്ചിത്രോത്സവം മെഗാ സ്റ്റേജ്ഷോകൾ റൈഡുകൾ ലേസർഷോകൾ പ്രശസ്ത പിന്നണി ഗായകരുടെ

ഗാനമേളകൾ എന്നിവ തുടർന്നു പോന്നു.നിലമ്പൂർ പഞ്ചായത്ത് നഗരസഭയായി മാറിയപ്പോഴും ജാതി - മത - കക്ഷി രാഷ്ട്രീയ ഭേദമന്യേ ഈ പാട്ടുത്സവ കമ്മിറ്റി തുടർന്നു പോന്നു.വ്യാപാരികൾ വ്യവസായികൾ അധ്യാപകർ തൊഴിലാളികൾ തുടങ്ങിയ വിവിധ മേഖലകളിലുള്ളവരുടെ സഹകരണത്തിൽ ഇതൊരു ഷോപ്പിഗ് ടൂറിസ്റ്റ് പരിപാടി കൂടിയായിത്തീർന്നു. പിന്നീട് രാഷ്ട്രീയ സാഹചര്യം മാറിയതോടെ രണ്ട് രീതിയിൽ പാട്ടുത്സവം നടക്കുന്നു. ഒന്ന് പഴയ പാട്ട് കമ്മറ്റി അതേ സ്ഥലത്ത് നടത്തുന്നു. പുതിയ സ്ഥലത്ത് നഗരസഭയുടെയും പി.പി. അൻവർ എം.എൽ.എയുടെ നേതൃത്വത്തിലുംനടക്കുന്നു. കോവിലകവുമായിബന്ധപ്പെട്ട പാട്ടുത്സവം അവിടെ പരമ്പരാഗതമായി തുടരുമ്പോൾ അതേ സമയത്ത് ഈ വിപണനസാധ്യതയുള്ളസമയത്ത് കാർണിവലും നടക്കുന്നു" (ഡോ.ഗോപു. എസ്)

"നിലമ്പൂർ പാട്ടുത്സവുമായി ബന്ധപ്പെട്ട് വ്യാപാര വ്യവസായി ഏകോപനസമിതിയുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ നഗരസഭയുടെ നേതൃത്വത്തിൽ കാർണിവൽസംഘടിപ്പിക്കുന്നു. നിലമ്പൂർ നഗരസഭ യുനസ്കോ ലേണിഗ് സിറ്റിയായതിനുശേഷം ഈ പരിപാടികൾ യുനസ്കോക്ക് അയച്ച് കൊടുക്കാറുണ്ട്. പ്രാദേശിക കലാകാരൻമാർ, കലാമണ്ഡലം പ്രതിഭകൾ, സംഗീത നാടക അക്കാദമി പ്രവർത്തകർ മുതലായവരുടെ പരിപാടികൾ അവതരിപ്പിക്കാറുണ്ട്. ഇതിനോടൊപ്പം കുടുംബശ്രീ,കാർഷിക വകുപ്പ് മുതലയാവരുടെ പ്രദർശന മേളകളും സംഘടിപ്പിക്കുന്നു."( അരുമ ജയകൃഷ്ണൻ)

## പരിണാമത്തിന്റെ സാമൂഹികയുക്തികൾ

ഒരു ഗോത്രാചാരം പലതരം അധിനിവേശങ്ങൾക്കും കലർപ്പുകൾക്കുമൊടുവിൽ എങ്ങനെ ആ ജനതയിൽനിന്ന് കവർന്നെടുക്കപ്പെട്ട് മറ്റൊരു സമൂഹത്തിന്റേതാകുന്നു എന്നതിന്റെ പ്രകടമായ ഉദാഹരണമാണ് ഈ ഉൽസവത്തിന്റേത്. നാടുവാഴിത്ത

കാലത്ത് ഈ ഗോത്രസങ്കല്പം നാട്ടുപ്രമാണിയുടേതായി മാറുകയും മറ്റ് ദേശോൽസവങ്ങളെപ്പോലെ പാട്ടുൽസവം ഒരു പൊതു ഉൽസവമായി തീരുകയും ചെയ്യുന്നു. കാലക്രമത്തിൽ ഈ നാട്ടരങ്ങിനുതന്നെ രൂപഭേദങ്ങളുണ്ടാകുന്നു. ക്ഷേത്രോല്സവം ആ നിലവിട്ട് ദേശോൽസവമായി പരിണമിക്കുകയും ഒരു വ്യാപാരോൽസവമായി മാറുകയും ചെയ്യുന്നു. ഇതെല്ലാം സംഭവിക്കുന്നത് അതേ സമൂഹത്തിനകത്തുതന്നെയാണ്. ഒരു ജനതയുടെ ഫോക്‌ലോറിനുണ്ടാവുന്ന ക്രമികമായ മാറ്റങ്ങളാണിത്. ക്രമേണ ഈ ഫോക്‌ലോർ അതിന്റെ പരിസരം വിട്ട് മറ്റ് ഉൽസവങ്ങളിലേക്ക് സംക്രമിക്കുന്നു. റജീന ബെൻഡിക്സിനെ പോലുള്ളവർ ഫോക്‌ലോറിസം എന്ന് പറയുന്ന പ്രതിഭാസമാണിത്. ക്ഷേത്രചടങ്ങും ഉൽസവവും ഒരാഴ്ച മാത്രം ദൈർഘ്യമുള്ളതായിരിക്കെ പാട്ടുൽസവം എന്ന കാർണിവൽ ഒരു മാസം നീളുന്ന ആഘോഷമായി മാറുന്നു. ആദിവാസി ഉത്പന്നങ്ങളുണ്ടായിരുന്ന ചന്തയെ പുതിയ വിപണി വിഴുങ്ങുന്നു. പൊതു ആഘോഷത്തിന് ക്ഷേത്രവുമായുള്ള ബന്ധം ക്രമേണ അയയുന്നു. ക്രിസമസും ന്യൂ ഇയറും ചേർന്ന ഒരു പുതിയ കാല ഉൽസവമായി ഇന്ന് പാട്ടുൽസവം മാറിക്കഴിഞ്ഞിരിക്കുന്നു.

ഇതിനിടയിൽ ഏറ്റവും മുഖ്യമായ ഒരു പരിണാമം കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. നാട്ടുവാഴിത്തഘട്ടത്തിൽ തങ്ങളിൽനിന്ന് കൈമോശം വന്ന ദേവതാസങ്കല്പത്തിനുമേൽ ചില അവകാശങ്ങൾ നിലനിർത്താൻ ആദിവാസികൾക്കായിരുന്നു എന്നതാണ്. ക്ഷേത്രാധികാരം അന്നത്തെ നാട്ടുവാഴികൾ കയ്യടക്കുകയാണുണ്ടായത്. ഈ നാട്ടുവാഴിത്ത ഘട്ടത്തിൽനിന്ന് ജനായത്തകാലത്തേക്കെത്തുമ്പൊഴേക്കും ഉൽസവം ഒരു ജനസമൂഹത്തിന്റെ മൊത്തമായി മാറുന്നു. ബഹുസ്വരസ്വഭാവം ആർജ്ജിക്കുന്നു. എന്നാൽ അത് ഇൻക്ലൂസീവ് ആവുകയല്ല ഉണ്ടായത്, മറിച്ച് ആദിവാസി സമൂഹം കൂടുതൽ പ്രാന്തവത്കരിക്കപ്പെടുകയാണുണ്ടായത്. ഇത് ആധുനിക പൊതുസാമൂഹ്യക്രമത്തിൽ ആദിവാസി വിഭാഗങ്ങൾ എങ്ങനെ പ്രാന്തവത്കരിക്കപ്പെടുന്നു എന്നതിന്റെ ഉദാഹരണം കൂടിയാണ്.

അധിനിവേശത്തിന്റെ അടരുകൾ വിശ്വാസങ്ങൾക്കുമേൽ എങ്ങനെ

പ്രവർത്തിക്കുന്ന എന്നും അതെങ്ങനെ അധികാരരൂപമാർജ്ജിക്കുന്നുവെന്നും നിലമ്പൂർ പാട്ടുൽസവം വെളിവാക്കുന്നു. കൂട്ടായ്മകളുടെ ചിതറലുകൾക്കും പാരമ്പര്യനഷ്ടങ്ങൾക്കും സാംസ്കാരികസ്വത്വങ്ങളുടെ പ്രതിസന്ധികൾക്കും ആധുനികത എങ്ങനെ കാരണമാകുന്നു എന്നതിന്റെ തെളിവുകൂടിയാണിത്. പാരമ്പര്യത്തെ തിരിച്ചുപിടിക്കുകയും ആധുനികസമൂഹത്തെ സ്വത്വബോധത്തോടെ അഭിമുഖീകരിക്കുകയും ചെയ്യുന്ന ഒരു ആദിവാസിസമൂഹത്തിൽ നടക്കേണ്ട ഒരു സാമൂഹ്യപ്രവർത്തനത്തിലൂടെ മാത്രമേ ആദിവാസിസ്വത്വങ്ങളുടെ നിലനില്പ് സാധ്യമാവുകയുള്ളൂ എന്ന യാഥാർത്ഥ്യംകൂടി ഇത് അടിവരയിടുന്നു.

**സഹായക ഗ്രന്ഥങ്ങൾ**

- നിലമ്പൂർ ചരിത്രം ,സി. കെ. ബി.നിലമ്പൂർ
- രാഷ്ട്രീയ സ്വരൂപവും സംസ്കാരവും :നിലമ്പൂർ പാട്ടുത്സവത്തിന്റെ അപഗ്രഥനം , നിഷാന്ത്. പി എം.ഫിൽ പ്രബന്ധം
- S, Kumbodharan, and Preeta Nayar. *The Iconography of Vettakkorumakan, A Unique Shaiva Deity from Kerala*. Apr. 2022.
- *The iconography of vettakkorumakan ,A unique Shiva Deity from kerala*
- vettakkoruMakan Documentary -Arjun creation

**ആവേദക സൂചി**

- അരുമ ജയകൃഷ്ണൻ , കൗൺസിലർ
- ഡോ.ഗോപു.എസ് ,അസിസ്റ്റന്റ് പ്രൊഫസർ,നിലമ്പൂർ ഗവ:കോളേജ് (മുൻപാട്ട് കമ്മറ്റി അംഗം)
- രാജേന്ദ്ര വർമ്മ, നിലമ്പൂർ കോവിലകം
- രമേഷ്, പ്രദേശവാസി

ജീന ടി.

തയ്യിൽ ഹൗസ്

പടിഞ്ഞാറ്റുംമുറി

676506

Ph:8129593923

jeenaraj41@gmail.com